[SHRI PANAMPILLI GOVINDA MENON]

stage, we shall bring in the necessary amendment. It is not being done today. So, I request the hon. Member to withdraw his amendment.

The amendment was by the leave of the House, withdrawn.

The question that the Schedule stand part of the Bill was put and carried.

The Schedule was added to the Bill.

Clause 1

MR. DEPUTY SPEAKER: There is an amendment. Do you move the amendment, Mr. Mathew?

SHRI C. A. MATHEW: I don't move.

The question that Clause I stand part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Short Title.

The question that the preamble and the short title stand part of the Bill was put and carried.

The preamble and the short title were added to the Bill.

MR. DEPUTY SPEAKER: Now we will pass on to the Supplementary Demands.

FINANCIAL BUSINESS.

Demands For Supplementary Grants. (Contd.)

Demand XVIII—38 Medical.

Chief Minister (SHRI PANAMPILLI GOVINDA MENON): Sir, I move that under Demand No. XVIII—38. Medical an amount of Rs. 2,26,300 be granted to Government.

Minister for Health (SHRI A. A. RAHIM): I second it.

SHRI PANAMPILLI GOVINDA MENON: These Demands have been given under the items 42 to 46 in the printed paper. Item 42 refers to the Employees State Insurance Scheme. It is only a reappropriation that is sought for. The amount was originally in the Budget of the Labour Department. Now it has been decided that it should come under the Medical Department, because the Employees Insurance Scheme, medical aid scheme is being administered

LIBRARY ARCHIVES Kerala Legislative Assembly

by the Medical Department. That is item 42. Items 43 to 46 are in the printed paper circulated among the hon. Members. The reasons why these supplementary demands are asked for are also being given in the printed paper.

SHRI P. S. NATARAJA PILLAI: I want some information. When was the Degree Course instituted in the Ayurveda College?

ശ്രീ. എ. എ. റഹിം : ഇതു നാലാമത്തെ കൊല്ലമാണ്.

ശ്രീ. പി. എസ്. നടരാജപിള്ള : ക്ലിനിക്കൽ സ്റ്റഡീസിനു് അവിടെ ലാബറട്ടറിയുണ്ടോ ?

ശ്രീ. എ. എ. റഹിം : ഉണ്ടു്. അതിപ്പോൾ പരിഷ്ക്കരിക്കുന്നുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള : മാഡേൺ മെഡിസിൻസിനെപ്പറ്റി പഠിപ്പിക്കാൻ പ്രൊഫസർ ഉണ്ടോ ?

ശ്രീ. എ. എ. റഹിം : ഉണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള : യൂനിവേഴ്സിറ്റി ഗ്രൂപാർശ ചെയ്തിട്ടു ഇടത്തോളം പ്രൊഫസറന്മാരെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഇപ്പോൾ പുതുതായി കുറേപ്പേരെ നിയമിച്ചിട്ടുണ്ടു്? ഇനി ആവശ്യമുള്ളവരെ നിയമിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള : പെർമെനൻറായി മെറേർണിറ്റി വാർഡിൽ പരിശീലനം കൊടുക്കുന്നതിനുള്ള സൗകര്യം അവിടെ ഉണ്ടാക്കിയിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : അതു് ആരംഭിച്ചു കഴിഞ്ഞു.

SHRI P. S. NATARAJA PILLAI: Sir, I want to make a few observations. There has been persistent complaints from the students of the Ayurveda College that the staff and the laboratory envisaged by the University Commission have not yet been provided by the Government. When the Government started the College and when it opened admission it is a kind of an undertaking to the public that the students sent there will be given proper tuition so as to enable them to secure a degree which will be useful to them. Even after three years nothing has been done in the matter. Even the provision for laboratory work or clinical studies has not been made so far. We are now in the fourth year. At the end of the fourth year there will be a University Examination. I can only imagine that the examination without giving instruction will be something like a fraud, though I don't want to use that word. I do not know how a boy

LIBRARY ARCHIVES Kerala Legislative Assembly

[SHRI P. S. NATARAJA PILLAI]

can be examined without being given instruction. As far as I understand there is no teaching staff. There is a part-time professor or lecturer to teach modern medicine and probably terms are being fixed to recruit teachers and professors for the College, but they are not available in the College.

ശ്രീ. പ്രാങ്ങളം ഭാസി : മൻസിഫ്കോടതിയിൽ ആമ്പനായി രുന്ന ഒരാൾ ഇപ്പോൾ ആയുർവ്വേദ കാളേജിൽ ലക്ചറായി ഇരുന്നു എന്നു കേൾക്കുന്നതു ശരിയാണോ ?

SHRI P. S. NATARAJA PILLAI : I don't know that. But what I know is about the instruction given now. What I was able to understand from a conversation with a few students there was that, as far as the study of modern medicine is concerned, absolutely nothing is being done. There is no lecturer, no laboratory and no convenience for clinical research. Maternity and surgery are subjects for examination. But without providing anything and without teaching anything how can a degree be given ? The impression will be that the man who holds that degree will be entitled to practise Ayurveda, that he has studied the fundamentals of modern medicine and that he will be an efficient medical practitioner. You are going to send them out of the College with this degree but with no knowledge and so you are creating a class of people who will be dangerous to the lives of the citizens of the State. That is very serious. Apart from that, I think that, in a way, it will bring disrepute to the Indian system of medicine. This College, is affiliated to the University and it is expected that it will give proper suggestions to Government regarding the courses of studies that are to be prescribed and the kind of professors that are to be appointed. With this information before the Government, if the Government start a College and conduct it in such a shabby—I am sorry to use the word, but I fear I have to use it—irresponsible way, and after a few years send out students ill-equipped from that institution, it will be doing disservice to the Indian system of medicine as a whole.

So Sir, it is time to think about the matter. If proper instruction is not given to the students now on the rolls of the College, I would even request the Government to extend the period for the final examination by another year and give stipends to the students and make arrangements for laboratory etc., and give them proper instruction for one

LIBRARY ARCHIVES Kerala Legislative Assembly

year more and see generally that they are sent out of the College as practitioners, who will be ornaments to their profession. It is one of the noblest professions and it should not be dealt with in such an irresponsible manner. I don't blame anybody. But it is a genuine demand which any representative of the public has to make in the interests of the country.

ശ്രീ. പ്രാക്കുളം ഭാസി : ബഹു : തിരുവനന്തപുരം മെമ്പറുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. മൻസിഫ് കോടതിയിൽ ആമ്യനായിരുന്ന ഒരാളെ ലക്ചറായി നിയമിച്ചിട്ടുണ്ടോയെന്നു് ഞാൻ ചോദിച്ച ചോദ്യം നേരമ്പോക്കായിട്ടല്ല.

ശ്രീ. എ. താണുപിള്ള : ഒരു സംശയം. വൈദ്യൻ ആമ്യൻ ആയിപ്പോയതാണോ അതോ ആമ്യൻ വൈദ്യനായതാണോ ?

ശ്രീ. പ്രാക്കുളം ഭാസി : ആമ്യൻ വൈദ്യനായി വന്നതാണു്. ആയുർവ്വേദകാളേജിലെ കായ്ക്കളെപ്പറ്റി പറയുമ്പോൾ അതിനോടു് എല്ലാ മെമ്പറന്മാരും യോജിക്കുമെന്നു് എനിക്കു് വിശ്വാസമുണ്ടു്. ആരംഭം മുതൽതന്നെ ആ കാളേജിന്റെ പ്രവർത്തനത്തെക്കുറിച്ചു് ഈ സഭയിൽ സംസാരിക്കുന്നുണ്ടു്. ഈയ്യിടെ വകുപ്പുമന്ത്രി ഒരു പ്രസ്താവനയിറക്കിയിട്ടുണ്ടു്. പ്രസ്താവന ഇറക്കുന്നതിനുമുമ്പു് വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് മന്ത്രി ശ്രമിച്ചിട്ടുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു് ആയുർവ്വേദകാളേജിന്റെ ആരംഭംമുതൽതന്നെ വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ന്യായമായ സംശയങ്ങൾ ഉണ്ടായിരുന്നു. ഈ സഭയിലെ മെമ്പറന്മാർക്കു് അവർ പല മെമ്മോറാണ്ടങ്ങളും സമർപ്പിച്ചിട്ടുണ്ടു്. സമരങ്ങളും നടത്തിയിട്ടുണ്ടു്. ആ സമരത്തിൽ പങ്കെടുത്തിട്ടുള്ളവർതന്നെ ഈ സഭയിൽ മെമ്പറന്മാരായി വന്നിട്ടുമുണ്ടു്. അവിടെ നടന്ന വിദ്യാർത്ഥിസമരങ്ങൾക്കു് രക്ഷകർത്താക്കളുടെ പിൻതുണയുണ്ടായിരുന്നു. എന്താണു കാളേജു് എന്നു പറയുന്നതു് ? കാളേജു് മനോഹരമായ ഒരു കെട്ടിടത്തിലേയ്ക്കു് ഇടക്കാലത്തു് മാറിയിട്ടുണ്ടു്. ആ കെട്ടിടത്തിനകത്തു് പഠിപ്പിക്കുന്നതിനു കഴിവുള്ള ആളുകളോ ഒരു സിലബസ്സോ ഇല്ല. മൻസിഫ് കോടതികളിൽ ആമ്യന്മാരായിരുന്നവർ കാളേജു് ലക്ചറന്മാരായിവരുന്ന പരിതസ്ഥിതി ഈ കാളേജിനു് ഉണ്ടെന്നു പറഞ്ഞാൽ അതിൽ ഗവണ്മെന്റിനു അഭിമാനിക്കാവുന്നതല്ല. ഈ മാതിരി നയമാണു് ആ കാളേജിൽ സ്വീകരിച്ചിട്ടുള്ളതു്. ഇന്നു തന്നെയും സിലബസ്സനുസരിച്ചു് പഠിപ്പിക്കാൻ കഴിവുള്ള സ്റ്റാഫ് അവിടെയുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്. ആ വിഷയത്തിൽ നമ്മുടെ കാളേജു് അങ്ങേയറ്റം പരാജയമടഞ്ഞിരിക്കയാണെന്നു മനസ്സിലാക്കണം. ആയുർവ്വേദകാളേജിനു നല്ല ഒരു കെട്ടിടം പണിഞ്ഞിരിക്കുന്ന ഈ വേളയിൽ പഠിപ്പിക്കാൻ കഴിവുള്ള ആളുകളെ നിയമിക്കുന്നതോടൊപ്പം വിദ്യാർത്ഥികൾ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണേണ്ടതുമാണു്. പ്രസ്താവനകൾ കൊണ്ടു് ഉത്തരം പറയാതെയും പ്രതിപക്ഷബഞ്ചുകളിൽനിന്നും പറഞ്ഞുപോയതു കൊണ്ടു് തകരാറുകൾ കാണിക്കാതെയും രാഷ്ട്രീയപരിഗണനകൾ കൂടാതെയും ആയുർവ്വേദവിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്കു് പരിഹാരം കാണേണ്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പ്രാക്കുളം ഭാസി]

താണു്. ഇനിമേലെങ്കിലും ഈ കാളേജ് ഭംഗിയായി നടത്തുന്നതിനു് എല്ലാ ബഹു: മെമ്പറന്മാരും ഗവണ്മെൻറിനെ നിർബന്ധിക്കണമെന്നു് പ്രസ്താവിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർ, എനിക്കുമുമ്പു് ബഹു: രണ്ടു മെമ്പറന്മാർ ആയുർവ്വേദകാളേജിന്റെ ഇന്നത്തെ ഭരണീയാവസ്ഥയെപ്പറ്റി ഇവിടെ സംസാരിക്കയുണ്ടായി. ഈ സഭ ഇവിടെ സമ്മേളിക്കുന്ന ദിവസം ആയുർവ്വേദകാളേജ് വിദ്യാർത്ഥികൾ സെക്രട്ടറിയേറ്റിനു മുമ്പിൽ ഒരു പ്രകടനം നടത്തുകയുണ്ടായി. അവർ അടിയന്തിരമായി ആവശ്യപ്പെട്ടിട്ടുള്ള സംഗതികൾ ഈ സഭയിലെ എല്ലാ മെമ്പറന്മാർക്കും അച്ചടിച്ചു് വ്യക്തികളുടെ മേൽവിലാസത്തിൽ അയച്ചിട്ടുണ്ടു്. അതേ സംബന്ധിച്ചു ഒരു മെമ്മോറാണ്ടം ഞങ്ങളുടെ ഡെപ്യൂട്ടിലീഡർക്കു് ആ അവസരത്തിൽത്തന്നെ കൊടുക്കുകയും ചെയ്തിട്ടുണ്ടു്. ഈ സഭയിൽ പല പ്രാവശ്യവും ആ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചു് ചർച്ചചെയ്തിട്ടുണ്ടു്. എല്ലാ പാർട്ടികളിൽപ്പെട്ട ആളുകളും അക്കാര്യങ്ങൾ ന്യായമാണെന്നു് സമ്മതിച്ചിട്ടുമുണ്ടു്. ബഹു: മന്ത്രിയെ ആ മെമ്മോറാണ്ടം ഞാൻതന്നെ കാണിച്ചു. അപ്പോൾ ഈ പ്രശ്നങ്ങളിൽ പലതും അധികം പരിഹരിക്കുന്നതിനു് ആർഡർ ആയിക്കഴിഞ്ഞിരിക്കുന്നുവെന്നു് ഞങ്ങളോടു് ബഹു: വകുപ്പുമന്ത്രി പറയുകയുണ്ടായി. എന്നിട്ടു് കാളേജിന്റെ ആവശ്യത്തിനുവേണ്ടി മുപ്പതു നായിരം രൂപയാണു് ഇപ്പോൾ ചോദിക്കുന്നതു്. ഇതിൽ ഒരു ബഡ്ജറ്റ് വിദ്യാർത്ഥികൾ പഠിത്തം പൂർത്തിയാക്കി പുറത്തിറങ്ങിയിട്ടുണ്ടു്. എന്നാൽ ഇതുവരെ അംഗീകരിച്ചിട്ടുള്ള സിലബസ്സു് അവിടെ പഠിപ്പിച്ചിട്ടില്ല. ഇതു ഒരു രാജ്യത്തിന്റെ അന്തസ്സിനു യോജിച്ചതാണോ എന്നാലോചിക്കണം. അതു കൂടാതെ പെൺജനങ്ങളുടെ ആരോഗ്യത്തെ തൊട്ടുള്ള കളിയാണു് ഇവർ നടത്തേണ്ടിയിരിക്കുന്നതു്. ലക്ചറന്മാരെയും പ്രൊഫസറന്മാരെയും മറ്റും സംബന്ധിച്ചിടത്തോളം അവരുടെ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളെക്കുറിച്ചു് ചുരുക്കമായി ഞാൻ ഇവിടെ പറയാം.

ഒന്നാമതായി അവിടെ ഡെമാൻസ്ട്രേറ്റർ, ലക്ചറർ, പ്രൊഫസർ, എന്നീ ഉദ്യോഗങ്ങളിലേയ്ക്കു് 65 ആളുകളെ, ഇപ്പോൾ നിലവിലിരിക്കുന്ന സിലബസ്സു് അനുസരിച്ചു് നിയമിക്കേണ്ടതായിട്ടുണ്ടു്. അതിൽ 3 പേരെ മാത്രമേ ഇതുവരെ നിയമിച്ചിട്ടുള്ളു. 65 പേരെ നിയമിച്ചു ജോലി നടത്താനുള്ള സ്ഥാനത്തു് മൂന്നുപേരെവച്ചു നടത്തുന്നതെങ്ങനെയാണെന്നു് ആലോചിക്കേണ്ടതാണു്.

അവിടെ ഒരു ആത്മനെ നിയമിച്ചിട്ടുണ്ടെന്നു് ശ്രീ. പ്രാക്കുളം ഭാസി ഇവിടെ പറഞ്ഞതു ഇപ്പോൾത്തന്നെ എനിക്കു് അല്പം ആശ്വാസമുണ്ടായതു്. എന്തുകൊണ്ടെന്നുവെച്ചാൽ ആത്മൻ ഉദ്യോഗത്തിനുള്ള പരീക്ഷായോഗ്യതയെങ്കിലും സിദ്ധിച്ചിട്ടുള്ള ഒരാൾ അവിടെ അദ്ധ്യാപനം നടത്താൻ ഉണ്ടല്ലോ എന്നതു് ആശ്വാസമാണു്. വേറൊരാളെ, ട്രാൻസ്ഫർട്ട സമരം നടന്ന കാലത്തു് കരിങ്കാലിവണ്ടിക്കു് ഫാർമസാണ്ടം മറ്റുമായി നടന്നയൊരാളേയും, എടുത്തിട്ടുണ്ടു്. കുറെ കരിങ്കാലികളെയെങ്കിലും നിയമിച്ചാൽക്കൊള്ളാമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇനി അവിടത്തെ ലാബറട്ടറിയെ സംബന്ധിച്ചാണെങ്കിൽ അവിടെ പരിശീലനത്തിനു ആവശ്യത്തിനുള്ള യാതൊരു ഉപകരണങ്ങളും ഇപ്പോൾ ഉള്ളതായി കാണുന്നില്ല. മെഡിക്കൽ റിസർച്ചിനുവേണ്ടി പതിനായിരം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങളുടെ ആരോഗ്യത്തെ സ്പർശിക്കുന്ന ഒരു കാര്യമായതുകൊണ്ട് ഗവണ്മെന്റ് ഇതിലേക്ക് വളരെ പ്രാധാന്യം കൊടുക്കണമെന്ന എനിക്ക് അപേക്ഷയുണ്ട്. ഇക്കാര്യത്തെപ്പറ്റി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു സംസാരിച്ച സന്ദർഭത്തിൽ അദ്ദേഹം പറഞ്ഞതു കേട്ടപ്പോൾ, ഞാൻ വിചാരിച്ചു, അവിടത്തെ ആവശ്യങ്ങളെ സംബന്ധിച്ചിടത്തോളം കാര്യമായെങ്കിലും നടക്കുമെന്ന്. പക്ഷെ യാതൊന്നും നടന്നിട്ടില്ല.

ഇപ്പോഴുള്ള സിലബസ്സു് പഠിപ്പിക്കുന്ന കാര്യത്തിലാണെങ്കിൽ, യാതൊരു കൂടുതൽ ചെലവും കൂടാതെ, നമ്മുടെ ലജനാവിൽനിന്നും ഒരു തുകയും നഷ്ടപ്പെടാതെ അദ്ധ്യാപകന്മാരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയും. മെഡിക്കൽ കാളേജിലേയും ആയുർവ്വേദ കാളേജിലേയും വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം മോഡേൺ സബ്ജക്ട്സ് പഠിക്കുന്നതിനു ഒരേ സിലബസ്സു് ആണു് നിശ്ചയിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഈ രണ്ടു കാളേജിലെയും വിദ്യാർത്ഥികളെ ഒരുമിച്ചു് ഇരുത്തി പഠിപ്പിക്കാമെന്ന തേയുള്ളു. മെഡിക്കൽകാളേജിലും ആയുർവ്വേദകാളേജിലും ഒരേ പരീക്ഷായോഗ്യതയാണു് നിർദ്ദേശിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഈ രണ്ടു കാളേജിലും ഉള്ള വിദ്യാർത്ഥികളെ ഒരുമിച്ചിരുത്തി പഠിപ്പിക്കുകയാണെങ്കിൽ കൂടുതൽ സ്റ്റാഫ് അതിലേക്കു് ഇല്ലാതെ കഴിക്കാം. ഇക്കാര്യം കഴിഞ്ഞ നിയമസഭയിലും ഞാൻ ഉന്നയിച്ചിട്ടുള്ളതാണു്. ഇതിനെ സംബന്ധിച്ചു ഗവണ്മെന്റിനുള്ള മനോഭാവം ഏതായാലും ശരി, ഇതു നടക്കാൻ പോകുന്നില്ലെന്നുമാത്രം ഞങ്ങൾക്കറിയാം. അതിനുള്ള കാരണം ആയുർവ്വേദത്തിനെപ്പറ്റിയും ആയുർവ്വേദ കാളേജിനെപ്പറ്റിയും അതേ അഭിപ്രായമുള്ള ആളുകൾ ഇന്നു് അധികാരമുള്ള ചില ഉന്നതസ്ഥാനങ്ങളിലിരിക്കുന്നുവെന്നുള്ളതാണു്. മെഡിക്കൽ കാളേജിന്റെ കാര്യത്തിലായാലും ശരി, ആയുർവ്വേദ കാളേജിന്റെ കാര്യത്തിലായാലും ശരി, മെഡിക്കൽ കൗൺസിലിന്റെ കാര്യത്തിലായാലും ശരി, അവർക്കു് കഴിയുന്നിടത്തോളം സ്വാധീനം ചെലുത്താനുള്ള സൗകര്യം ലഭിച്ചിരിക്കുകയാണു്. ആയുർവ്വേദത്തെ സംബന്ധിച്ചിടത്തോളം ഒരു അയിത്തമനോഭാവംതന്നെ അവർക്കുണ്ടു്. അവരെ ആ സ്ഥാനങ്ങളിൽനിന്നും പുറംതള്ളേണ്ടതാണു്. അതിനുശേഷംമാത്രമെ ഈ വക സംഗതികളും എതെങ്കിലും നടപ്പിൽവരാൻ സാധ്യതയുള്ളു. ആയുർവേദ കാളേജിനെ, നമ്മുടെ നാട്ടിലെ ഒരു ദേശീയ വൈദ്യസമ്പ്രദായം എന്ന നിലയിൽ ഒന്നുകിൽ നല്ലവണ്ണം നടത്തണം; അല്ലെങ്കിൽ അതു് പോട്ടെ എന്നുവയ്ക്കണം. ഒന്നിനും യോഗ്യതയില്ലാതെ കുറെ വിദ്യാർത്ഥികളെ ആണ്ടോടാണ്ടു പുറത്തിറക്കി എന്നിനെ ആളെ പെരുപ്പിക്കാൻ അവർക്കു അനുവാദം കൊടുക്കുന്നു എന്നാണു ഞാൻ ചോദിക്കുന്നതു്. അതുകൊണ്ടു് യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള സിലബസ്സു് അനുസരിച്ചു പഠിപ്പിക്കാനുള്ള സാഹചര്യങ്ങൾ അവിടെ സൃഷ്ടിച്ചുകൊടുക്കണം. അത്യാവശ്യമായി, അവിടെ ഇപ്പോൾ അദ്ധ്യയനം നടത്താൻ ആവശ്യമുള്ള പ്രൊഫസറന്മാരേയും, ലെക്ചറന്മാരെയും, ഡെമാൺസ്ട്രേറ്റർന്മാരെയും ഉടനടി നിയമിക്കുന്ന കാര്യത്തിൽ ഗവണ്മെന്റു ശ്രദ്ധപതിപ്പിക്കുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഇതിൽ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയെക്കുറിച്ചാണ് എനിക്ക സംസാരിക്കാനുള്ളത്. എംപ്ലായീസ് സ്റ്റേറ ഇൻഷ്വറൻസ് ആക്ടിന്റെ പ്രകാരമുള്ള നടപടികൾ മറ പല സംസ്ഥാനങ്ങളിലും ആരംഭിച്ചിട്ട വളരെക്കാലമായിട്ടും ഈ സംസ്ഥാനത്ത് ഇതുവരെ ആരംഭിക്കാതിരുന്നതു കഴിഞ്ഞകാലത്തു അധികാരത്തിലിരുന്ന മന്ത്രിസഭകളുടെ പ്രാപ്തിക്കുറവുകൊണ്ടാണ്. തൊഴിലാളികൾക്കാവശ്യമുള്ള വൈദ്യസഹായത്തിനും അവക്ക അപകടം ഉണ്ടാകുന്ന അവസരങ്ങളിൽ മറ സംരക്ഷണങ്ങൾക്കും പല സംസ്ഥാനങ്ങളിലും ഈ സ്കീം നടപ്പിലാക്കിയിട്ടുണ്ട്. പി. എസ്. പി. മന്ത്രിസഭാകാലത്തു നിയമസഭയിൽ ഒരു ചോദ്യത്തിനുത്തരമായി ഈ ബഡ്ജറവർഷത്തിന്റെ ആദ്യംമുതൽത്തന്നെ കൊല്ലത്തു ഈ പദ്ധതി ആരംഭിക്കുന്നതാണെന്ന അന്നത്തെ മെഡിക്കൽമന്ത്രി ഉറപ്പു നൽകുകയുണ്ടായി: അതനുസരിച്ചു കൊല്ലത്തു ഈ സ്കീം ആരംഭിക്കുന്നതിനവേണ്ടി കെട്ടിടങ്ങൾ വാടകയ്ക്കു എടുക്കുകയും, കൂടാതെ സ്കീമിന്റെ പ്രവർത്തനത്തിനാവശ്യമുള്ള മരുന്നുകളും, ഉപകരണങ്ങളും വാങ്ങിക്കുകയും ചെയ്തു. കാൺഗ്രസു മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഈ സ്കീം, മുൻപു നിയമസഭമുൻപാകെ ഉറപ്പു നൽകിയിട്ടുള്ളതിനു വിപരീതമായി കൊല്ലത്തു ആരംഭിക്കാതെ മറ ചില കേന്ദ്രങ്ങൾകൂടി ചേർത്തു നടപ്പിലാക്കാനായി മാറ്റിവച്ചിരിക്കുന്നതായി അറിയുന്നതു ഖേദകരമാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊല്ലത്തു ഒരു എംപ്ലായീസ്സ്റ്റേറ് ഇൻഷ്വറൻസു തുടങ്ങണമെന്നാണ് ആദ്യം തീരുമാനിച്ചതു. അതിനു ശേഷം, എംപ്ലായീസ് സ്റ്റേറ ഇൻഷ്വറൻസു കാർപ്പറേഷന്റെ ഭരണാധികാരികൾ കേന്ദ്രവുമായി ഡിസ്കസു ചെയ്തതിനു ശേഷം ഒരു കേന്ദ്രത്തിൽമാത്രമായിട്ട ഇതു ആരംഭിക്കുന്നതു ശരിയല്ല, നാലഞ്ചു കേന്ദ്രങ്ങളിൽ ഒരുമിച്ചു തുടങ്ങണമെന്നു അഡൈ്വസു ചെയ്തു. അതുകൊണ്ടു് അങ്ങനെ ചെയ്യുവെന്നേയുള്ളൂ.

ശ്രീ. ടി. കെ. ദിവാകരൻ: സർ, അവരുമായി ഞാനും സംസാരിക്കുകയുണ്ടായി. അവിടെനിന്നും അയയ്ക്കുന്ന എഴുത്തുകൾക്കു് സെക്രട്ടറിയേറ്റിൽനിന്നു യഥാസമയം മറുപടി അയയ്ക്കുന്ന കാര്യത്തിൽ വലിയ അനാസ്ഥയാണു കാണിച്ചുവരുന്നതെന്നു പരാതിപ്പെടുകയുണ്ടായി. ഇതു അവരുടെ ചക്രമാണെന്നു പറയുന്നതിൽ കാര്യമില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മെംബർ പറയുന്നതു പഴയ ചരിത്രമാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ആക്ടിലെ വ്യവസ്ഥയനുസരിച്ചു ശമ്പളബില്ലിന്റെ 100 രൂപയ്ക്കു പന്ത്രണ്ടണപ്രകാരം വ്യവസായികളിൽനിന്നു കാർപ്പറേഷനിൽ പോകുന്നുണ്ട്. കേന്ദ്രഗവണ്മെന്റിന്റെ സൗജന്യം തരുന്നതല്ല. നാട്ടിലെ വ്യവസായികൾ കാർപ്പറേഷനിൽ കൊടുത്തിട്ടുള്ള പണം ഇതുവരെ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല എന്നു പറയുന്നതു അനാസ്ഥയാണെന്നുവേണം കരുതാൻ. ഈ സ്കീമിന്റെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ സർജൻജനറലിനു വിട്ടുകൊടുക്കുന്നതിനു ഇപ്പോൾ ആലോചിച്ചുവരുന്നതായി അറിയുന്നു. ഇതു നടപ്പിലായിക്കഴിഞ്ഞാൽ ചില അപാകതകൾ ഉണ്ടാകുമെന്നു ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

മുന്നറിയിപ്പു നൽകുന്നു. തൊഴിലാളികൾ അവരുടെ വേജസിന്റെ ഒന്നേ കാൽ ശതമാനം ഫണ്ടിലേക്കു സംഭാവന ചെയ്യുണ്ടതാണു്. ഇങ്ങനെ രണ്ടു നാടു രമ്പളത്തിൽനിന്നും ഒരു ഭാഗം ഇൻഷ്വറൻസിനു കൊടുത്തുകഴിഞ്ഞ ശേഷം, അവക്കു ആവശ്യമായ ചികിത്സ ലഭിക്കുന്നില്ലെങ്കിൽ പല തരത്തിലുള്ള കഴപ്പുണ്ടാകും. ഈ സ്കീം നടപ്പിലാക്കിയ പല രംഗത്തും ഈ വക കഴപ്പുണ്ടാകാറുണ്ടായിട്ടുണ്ടു്. തൊഴിലാളികൾ ചികിത്സാർത്ഥം സർജൻ ജനറലിനെയോ, ഡാക്ടറെയോ സമീപിക്കുമ്പോൾ മരുന്നിനുപകരം കുറിപ്പെഴുതി കൊടുത്താൽ അവർ എങ്ങനെ സഹിക്കും? മുൻപാണെങ്കിൽ ഒരു തൊഴിലാളിയായി ജനിച്ചു പോയതുകൊണ്ടു തന്റെ കുഞ്ഞുങ്ങളെ ചികിത്സിക്കാനുള്ള ഭാഗ്യമില്ലെന്നുള്ള സമാധാനത്തോടുകൂടി കഴിഞ്ഞുകൊള്ളുമായിരുന്നു. പക്ഷേ, ഈ സ്കീമിനുവേണ്ടി പണവുംകൊടുത്തു, ആശയും പ്രതീക്ഷയുമായി കഴിയുന്ന തൊഴിലാളി ചികിത്സിക്കാൻ ചെന്നാൽ മരുന്നിനുപകരം ഡാപ്പെഴുതി കൊടുത്താൽ അപകടമുണ്ടാകുമെന്നുള്ള കാര്യം ഓർമ്മിക്കേണ്ടതാണു്. ആ രൂപയ്ക്കു് ഒന്നേകാൽ രൂപവീതം കൗൺടിബ്യൂട്ടുചെയ്തിട്ടു തൊഴിലാളികൾ സർജൻ ജനറലിന്റെ ഡാപ്പുവാങ്ങി ചികിത്സിക്കണമെന്നുവന്നാൽ അതിന്റെ അനന്തരഫലത്തെപ്പറ്റി ഞാൻ സൂചിപ്പിക്കുകയാണു്. സെൻട്രൽ സ്റ്റോറിന്റെ കൺട്രോൾ സർജൻ ജനറലിൽനിന്നും മാറ്റണം. സെൻട്രൽ സ്റ്റോർ, ഡിപ്പാർട്ടുമെന്റിലെ ഒരു ഉദ്യോഗസ്ഥന്റെ കീഴിൽ ശരിയായ നിയന്ത്രണത്തിലായിരിക്കണം.

ഈ കാര്യം അത്ര നിസ്സാരമായി കരുതാവുന്നതല്ല. മന്ത്രിയുടെ കുഞ്ഞുങ്ങളുടെ കാര്യമാണെങ്കിൽ സാരമില്ല. തൊഴിലാളികൾ ദിവസം 8 മണിക്കൂർ തടി ഉടച്ചു്, നല്ലപോലെ പണിയെടുത്തു സമ്പാദിക്കുന്ന പണംമുടക്കി സ്കീം ഉണ്ടാക്കി അതിൽനിന്നും ശരിയായ ചികിത്സയും മറ്റു സംരക്ഷണങ്ങളും ലഭിച്ചില്ലെങ്കിൽ വളരെ കഴപ്പമാണു്. ഈവക കാര്യങ്ങൾ എത്രയും വേഗം നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഉപധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. എൻ. ജി. ചാക്കോ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഇതിൽ പല കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. കൂടുതലായി ആയുർവ്വേദാശുപത്രികളും, അലോപ്പതി ആശുപത്രികളും സ്ഥാപിക്കുന്നതിലേയ്ക്കു് കൂടുതൽ തുക ആവശ്യമായിരിക്കുകയാണു്. നമ്മുടെ രാജ്യത്തു് അധിവസിക്കുന്നവരിൽ ഭൂരിപക്ഷം ആളുകളും ഗ്രാമവാസികളാണു്. ഒരു ഗ്രാമവാസിയെന്നനിലയിൽ എന്റെ നാട്ടിൽ നേരിട്ടു കണ്ടറിയാവുന്ന ചില അനുഭവങ്ങൾവച്ചുകൊണ്ടു് ഞാൻ പറയുകയാണു്. എന്റെ നിയോജകമണ്ഡലത്തിലെ ആളുകൾക്കു് വൈദ്യസഹായം ലഭിക്കുന്നതിനു് പലതരത്തിലുള്ള വൈഷമ്യങ്ങളും ഉണ്ടാകുന്നുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: സർ, ഒരു പായിന്റ് ആഫ് ആർഡർ. അപേക്ഷയും ഒരു ഓഫറും ഉണ്ടു്. കഷ്ടിച്ചു് മുക്കുമിന്നുന്നതുമാത്രമേ ചർച്ചചെയ്യാൻ സമയവും ഉള്ളു. സമയത്തിനു ഒരു നിയന്ത്രണം ഉണ്ടായാൽ കൊള്ളാം.

ശ്രീ. എൻ. ജി. ചാക്കോ: ആ നിലയിൽ കൂടുതൽ ആശുപത്രികൾ ഉണ്ടാകുന്നതു് സ്വാഗതാർഹമായ ഒരു കാര്യമാണു്. നമ്മുടെ സമർത്ഥനായ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ജി. ചാക്കോ]

മെഡിക്കൽവകുപ്പുമന്ത്രി സാധാരണ പ്രസംഗങ്ങളിൽ പറയാറുണ്ട്, എല്ലാ ആശുപത്രികളിലും ആവശ്യത്തിനു മരുന്നു കിട്ടുന്നതിനു വേണ്ട ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടെന്നു്. സർ, വളരെ സന്തോഷകരമായ ഒരു കാര്യമാണതു്.

ശ്രീ. ടി. കെ. ദിവാകരൻ: എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസു് സ്കീമിനെയും, ആയുർവ്വേദത്തെയും, മെഡിക്കലിനെയുംപ്പറ്റിയാണു ഇതു ഡിമാൻഡു്. മെംബർ മറ്റു പല കാര്യങ്ങളെക്കുറിച്ചും പറയുന്നുണ്ടു്.

മി. സ്പീക്കർ: കഴിയുന്നതും ഡിമാൻഡിനെ സ്പർശിക്കുന്ന കാര്യം മാത്രം പറയണം.

ശ്രീ എൻ. ജി. ചാക്കോ: സർ, ഞാൻ ആയുർവ്വേദത്തെപ്പറ്റിയാണു പറയുന്നതു്. കൂടുതൽ തുക മരുന്നിനുവേണ്ടി കൊള്ളിച്ചിട്ടുള്ളതു് വളരെ സന്തോഷകരമായ ഒരു കാര്യമാണു്.

ശ്രീ. കെ. ബാലകൃഷ്ണൻ: ഇതിൽ മരുന്നിനുവേണ്ടി എത്ര രൂപ കൊള്ളിച്ചിട്ടുണ്ടു്?

ശ്രീ. എൻ. ജി. ചാക്കോ: ഇതിന് ഇല്ല. കൂടുതൽ തുക മരുന്നിനായി നീക്കിവച്ചിട്ടുണ്ടെങ്കിലും ഇന്നും ആശുപത്രികളിൽ മരുന്നുകിട്ടാതെ ബുദ്ധിമുട്ടുകയും അനുഭവിക്കുന്നു. പല ആശുപത്രികളിലും മരുന്നു ഇല്ലെന്ന പരാതി ഉണ്ടാകാറുണ്ടു്. ഇങ്ങനെ മരുന്നുകിട്ടാതെ വരുന്നതിനുള്ള യഥാർത്ഥകാരണം മനസ്സിലാക്കി ആ പരാതി പരിഹരിക്കേണ്ടതാണു്. ഈ കാര്യത്തിൽ ഒരു അധികാരവികേന്ദ്രീകരണം നടത്തണം.

ആയുർവ്വേദകോളേജിലെ കാര്യങ്ങളും ഇവിടെ പറഞ്ഞുകേട്ടു. ആയുർവേദകോളേജിലെ ന്യായമായ എല്ലാ പ്രശ്നങ്ങളും പരിഹരിക്കേണ്ടതാണെന്നും അതിനുവേണ്ട എല്ലാ ഒത്താശകളും ഗവണ്മെന്റു് ചെയ്യേണ്ടതാണെന്നുമുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: സർ, ആയുർവേദത്തെ സംബന്ധിച്ചു് എനിക്കു മുൻപു് പലരും പറഞ്ഞിട്ടുള്ള എല്ലാ അഭിപ്രായങ്ങളോടും ഞാൻ യോജിക്കുന്നു. ആയുർവേദാശുപത്രികളും കൂടുതലായി ഉണ്ടാക്കുന്നതു കൂടാതെ, ഇന്നു ആയുർവേദകോളേജുകാര്യങ്ങളും നടക്കുന്നതിലുള്ള ബുദ്ധിമുട്ടുകളും പരിഹരിക്കുകയുംവേണം.

അതുപോലെതന്നെ ഉള്ളൂർ മെഡിക്കൽകോളേജു് തിരുവിതാംകൂർ-കൊച്ചിയിലെ ഏറ്റവും വലിയ ഒരു സ്ഥാപനമാണു്. ഒരു സംഗതി ഞാൻ പ്രത്യേകം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മെഡിക്കൽകോളേജു് പ്രിൻസിപ്പളും, സർജൻജനറലും തമ്മിൽ കുറേനാളായി ഒരു ശീതസമരം നടന്നുകൊണ്ടിരിക്കുകയാണു്. അവരുടെ രസക്ഷയത്തിനും, തത്ഫലമായ അനന്തരനടപടികൾക്കും വിധേയമായി മെഡിക്കൽകോളേജും, ആശുപത്രിയുമാണു ദോഷമനുഭവിക്കുന്നതു്. ഉദാഹരണമായി ഒരു കാര്യം പറയാം. ഡാക്ടർമാർക്കു് താമസത്തിനുവേണ്ടി എട്ടുപത്തു ക്വർട്ടേഴ്സുകൾ ഉണ്ടാക്കി. സർജൻജനറലാണു അതു കൊടുക്കേണ്ടതെന്നും, അതല്ല പ്രിൻസിപ്പാളാണു അധികാരിയെന്നും അങ്ങോട്ടുമിങ്ങോട്ടും എഴുത്തുകുത്തിൽ കിടക്കുന്നതല്ലാതെ എട്ടുപത്തുമാസക്കാലമായിട്ടും ആ

LIBRARY ARCHIVES Kerala Legislative Assembly

ഭം ഇതുവരെ താമസത്തിനു വിട്ടുകൊടുത്തിട്ടില്ല. സർ, ജാലിയൻവാലാബാഗ് ഇരുപത്തിരണ്ടു കിട്ടുന്ന കെട്ടിടങ്ങൾ, പത്തു കെട്ടിടം ഇരുനൂറുരൂപ, വർഷംതോറും 2500-ൽപ്പരം രൂപ വാടക നിശ്ചയിച്ചിരിക്കുന്നു. ഈടാക്കേണ്ട ഒരു കാര്യവും ഇങ്ങനെ രണ്ടു ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരുടെ സൗന്ദര്യപ്പിണക്കംമൂലം നഷ്ടപ്പെടുകയുണ്ടായതു നിസ്സാരവാദപരമായ ഒരു കാര്യമല്ലേ? ഈ ഉദ്യോഗസ്ഥന്മാരുടെ ശീതസമരത്തിനിടയിൽപ്പെട്ട് ഡാക്ടർമാരും, നഴ്സുമാരും ശ്വാസംമുട്ടി കഴിയുകയാണ്. ഇതിനൊരു പരിഹാരം ഉണ്ടാകുന്നതും വേഗത്തിൽ ഉണ്ടാക്കണമെന്നു മെഡിക്കൽ മന്ത്രിയോടും മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കുന്നു. ഡാക്ടർമാർക്ക് പാർക്കുവാനുണ്ടാക്കിയ കെട്ടിടത്തിനും താമസത്തിനു കൊടുക്കാത്തതുമൂലം താമസസൗകര്യമില്ലാതെ ഡാക്ടർമാർ അലഞ്ഞുതിരിഞ്ഞു നടക്കുകയാണ്. ഈ സ്ഥാപനം തിരുവനന്തപുരത്തുകൊണ്ടുവന്ന ഏറ്റവും വലിയ ഒരു സ്ഥാപനമാണ്. ഇങ്ങനെ രണ്ടു മനുഷ്യരുടെ പരസ്പരമത്സരംമൂലമുണ്ടാകുന്ന മറ്റു പല കുഴപ്പങ്ങളും വേണമെങ്കിൽ മെഡിക്കൽ മന്ത്രിയോടു സൗകര്യമായി പറയാം. മെഡിക്കൽ കോളേജ് അധികാരി പ്രിൻസിപ്പളും, മെഡിക്കൽ ഡയറക്ടർ മേലാവ് സർജൻജനറലും തമ്മിലുള്ള ശീതസമരം അവസാനിപ്പിച്ച് ആസ്ഥാപനത്തിന്റെ സുസ്ഥിതിയെ പാലിക്കുന്നതിനു ഗവണ്മെൻറും, മെഡിക്കൽ മന്ത്രിയും പ്രത്യേകശ്രദ്ധ പതിപ്പിക്കുമെന്നു വിശ്വസിക്കുന്നു. അവരുടെ വൈരനിര്യാതനബുദ്ധി അവസാനിപ്പിക്കാത്തപക്ഷം രണ്ടിലൊരാളെ വേണ്ടെന്നുവയ്ക്കുകയോ, അല്ലെങ്കിൽ രണ്ടുപേരെയും പറഞ്ഞയച്ചിട്ടു സ്ഥാപനത്തെ രക്ഷിക്കുകയോ ചെയ്യണമെന്നു അപേക്ഷിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

SHRI J. A. BHATT: Sir, I do not want to enumerate the various requirements needed in the Government Ayurvedic College, because they have been adverted to already. The students, demonstrations on the first day of this Assembly Session indicate that something is wrong with the administration of the institution and that it is not at all properly staffed. This is a very important matter because it is an educational institution on the subject of medicine, which has a bearing on human life. So, I would suggest to the hon. Minister for constituting a committee composed of the Members of this House to go into this vexed question and find out ways and means for solving it.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, ഈ ഡിമാൻഡിനെപ്പറ്റി രണ്ടുവാക്കു പറയാനുണ്ട്. ബഹുമാനപ്പെട്ട മെംബർ ശ്രീ. ടി. കെ. ദിവാകരൻ ഭീഷണികൊണ്ടല്ല ഇതു പറയണമെന്നു വിചാരിക്കുന്നതു്. അദ്ദേഹം പറഞ്ഞതിൽനിന്നും തൊഴിലാളിക്കു മരുന്നു കിട്ടുന്നില്ലെങ്കിൽ ആരോഗ്യം അപകടത്തിലാകുമെന്നല്ലാതെ, രാജ്യത്തിനു് അങ്ങനെ വലിയ അപകടം വല്ലതും സംഭവിക്കുമെന്നു ഭീഷണിയല്ലെന്നു ഞാൻ കരുതുന്നു. തൊഴിലാളിയുടെ ആരോഗ്യത്തിനു് അപകടംവരുമ്പോൾ ചീഫ് മിനിസ്റ്ററും, മറ്റു മന്ത്രിമാരും ശ്രദ്ധിക്കത്തക്ക ഒരു മുന്നറിയിപ്പു കൊടുക്കുവാൻ അദ്ദേഹം പ്രേരിതനായതാണെന്നാണ് എന്റെ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. നാരായണക്കുറുപ്പ്.]

ആയുർവ്വേദ ഡിമാൻഡ് നെപ്പറ്റി എനിക്കു ചിലതു പറയാനുണ്ട്. ആയുർവ്വേദ വിദ്യാർത്ഥികൾക്ക് അവശ്യകതകൾ ഉണ്ടെന്നും, ഇന്ന്, എട്ട് കോളേജുകെട്ടിടം പണിയിച്ചിട്ട്, പഠിപ്പിക്കുന്നതിനുള്ള ഉദ്യോഗസ്ഥരേയും, സർജിക്കൽ ഡോക്ടർമാരേയും, പ്രൊഫസ്സർമാരേയും, സ്ഥിരമായ ഒരു പ്രിൻസിപ്പാൾപോലുമോ ഇല്ലാതെ അവിടെ വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും ഇവിടെ പ്രസംഗിച്ചുകേട്ടു. ഓരോ പഞ്ചായത്തിലും ആയുർവേദാശുപത്രികൾ ഉണ്ടാക്കണമെന്ന ഒരു അഭിപ്രായമുള്ളതായി കേട്ടു. ഓരോ ആശുപത്രിയിലും എത്ര രോഗികൾ വരും, എത്ര രൂപയ്ക്കു മരുന്നു ചെലവുവരും, ഉള്ള മരുന്ന് ശരിയായി വിതരണം ചെയ്യുന്നുണ്ടോ, ഒരു മാസത്തേയ്ക്ക് ഒരു ആശുപത്രിക്ക് നൂറോ, ഇരുനൂറോ രൂപ മരുന്നിനും, വെള്ളത്തിനും, വിറകിനുംകൂടി കൊടുത്താൽ എത്രമാത്രം പ്രയോജനമുണ്ടാകും; എന്നെല്ലാം ശരിയായി പരിശോധിക്കാതെ വെറുതേ കുറേ രൂപ ചെലവഴിക്കുന്നതുകൊണ്ട് ആയുർവ്വേദത്തിനു് അതൊരു പ്രോത്സാഹനമായിരിക്കുമെന്നു കരുതുന്നതു് ശരിയല്ല. അതുകൊണ്ട് ഗവണ്മെന്റിനു് ആയുർവ്വേദ ഡിപ്പാർട്ടുമെന്റിൽ എന്തെങ്കിലും പരിഷ്കാരം വരുത്തുന്നതിനുദ്ദേശിക്കുന്നുണ്ടെങ്കിൽ നല്ല രീതിയിൽ ആയുർവ്വേദകോളേജിന്റെ നടത്തിപ്പിനു് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും, അല്ലാത്തപക്ഷം ഈ ഡിപ്പാർട്ടുമെന്റുതന്നെ വേണ്ടെന്നുവയ്ക്കുമെന്നുമാണ് എന്റെ അഭിപ്രായം. ഇന്നു കോളേജുകെട്ടിൽ നേരിട്ടിരിക്കുന്ന എല്ലാ കുറവുകളും പരിഹരിച്ച് ആയുർവ്വേദകോളേജിനു് നന്നായി നല്ല ഡോക്ടറന്മാരാക്കിക്കൂട്ടിയെ പഠിപ്പിച്ചയയ്ക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

മി. സ്പീക്കർ: സപ്ലിമെന്ററി ഗ്രാന്റിനെപ്പറ്റി ഡിസ്കസ് ചെയ്യാൻ ഒരു മണിക്കൂറാണു നിശ്ചയിച്ചിരുന്നതു്. ആവശ്യമുള്ള കാര്യങ്ങൾ പറഞ്ഞു് സമയം ശരിയായി ഉപയോഗിക്കാതെയായിരുന്നു ഇതുവരെ നടന്നതു്. പ്രതിപക്ഷനേതാവിന്റെ അഭിപ്രായം ചുരുക്കിപ്പറയുമെന്നാണു്. സഭയുടെ പൊതുവേയുള്ള അഭിപ്രായമറിഞ്ഞാൽ കൊള്ളാം.

ശ്രീ. പറമ്പിള്ളി ഗോപിനാഥമേനോൻ: സിറ്റിംഗ് സമയം നീട്ടുന്നതു പ്രയാസമാണു്. ഒരുമണിക്കുതന്നെ പിരിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. വി. തോമസ്: ഇന്നുതന്നെ വേണമെന്നല്ല, നാളെക്കൂടി സമയം കിട്ടിയാൽ മതി.

ശ്രീ. എ. എ. റഹിം: സർ, ആയുർവ്വേദകോളേജിനെ സംബന്ധിച്ചിടത്തോളം ഇവിടെ ഉന്നയിച്ചകാര്യങ്ങൾ കുറെയൊക്കെ ശരിയാണെന്നു സമ്മതിച്ചുകൊണ്ടുതന്നെ അതിനെപ്പറ്റി സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നു. അതു കഴിയുന്നതും പരിഹരിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുകയുമാണു്. ശ്രീ. തോമസ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആയുർവ്വേദകോളേജിൽ ഒരു ആമ്പനെ നിയമിച്ചിട്ടില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കോളേജിൽ പഠിപ്പിക്കാൻ യോഗ്യതയുള്ളവരെമാത്രമേ നിയമിച്ചിട്ടുള്ളൂ. ഇപ്പോൾ അവിടെ ജോലിയിലിരിക്കുന്നവർ ആമ്പനായിട്ടോ, മറ്റൊരല്ല

LIBRARY ARCHIVES Kerala Legislative Assembly

ജോലിയിലോ ഇരുന്നിട്ടുള്ളവരാണോ എന്നന്വേഷണം നടത്തി വേണ്ട നടപടി എടുക്കാം. ഏതായാലും ഒരു ആത്മനെ അവിടെ ജോലിയിൽ നിയമിച്ചിട്ടില്ല.

ശ്രീ. എ. താണുപിള്ള: വളരെ യോഗ്യനായ ഒരാൾ ആത്മൻ ജോലിയിൽ ഇരുന്നാൽ അതുകൊണ്ട് വല്ല കുറവുമുണ്ടോ?

ശ്രീ. എ. എ. റഹിം: കുറവൊന്നുമില്ല. ഞാൻ പറയുന്നത് കാളേജിൽ ഒരു ആത്മനെ നിയമിച്ചുവെന്നു പറയുന്നതു ശരിയല്ലെന്നാണ്.

ശ്രീ. പ്രാക്കുളം ഭാസി: സർ, ഒരു മെംബർ ഈ സഭയിൽ ഒരു കാര്യം, സൂക്ഷ്മമായി അന്വേഷിച്ചു പറയുമ്പോൾ, അതു തെറ്റാണെന്നു മന്ത്രിക്കു തീർത്തു പറയാമോ? കൃഷ്ണപുരത്തു ഒരു ആത്മനായിരുന്ന ഒരാളെ ആയുർവ്വേദ കാളേജിൽ ടൈപ്പിസ്റ്റായും, അവിടെ നിന്നും പ്രമോഷൻ കൊടുത്തു കാളേജു ലക്ചററായും നിയമിച്ചതു ശരിയാണോ എന്നാണ് അറിയേണ്ടതു്.

ശ്രീ. എ. എ. റഹിം: ഒരു ആത്മനെ ലക്ചററായി നിയമിച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: ടൈപ്പിസ്റ്റായിരുന്ന ഒരാളെ ലക്ചററായി നിയമിച്ചില്ലേ?

ശ്രീ. എ. എ. റഹിം: സർ, ഞാൻ വാചകത്തിൽ പിടിച്ചു സക്കസ് കാണിക്കാൻ വിചാരിക്കുന്നില്ല. ആയുർവ്വേദക്കാളേജിൽ ഇന്നു ഒരു പ്രിൻസിപ്പാളില്ല. അവിടത്തെ പ്രിൻസിപ്പാൾ മരിച്ചതിനുശേഷം, പുതുതായി ഒരു പ്രിൻസിപ്പാളിനെ നിയമിക്കുന്നതിനായി പബ്ലിക്സർവ്വീസു കമ്മിഷനെ അറിയിച്ചിരിക്കുകയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ആ ടൈപ്പിസ്റ്റിനു എന്തെങ്കിലും പരീക്ഷായോഗ്യതയുണ്ടോ?

ശ്രീ. എ. എ. റഹിം: പരീക്ഷായോഗ്യതയുള്ളവരെയാണു ലക്ചർമാരായി നിയമിക്കുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള. ലക്ചർമാരിൽ പരീക്ഷായോഗ്യതയില്ലാത്തവരുള്ളതായി പേരു തന്നാൽ അവരെ പിരിച്ചുവിടുമോ?

ശ്രീ. എ. എ. റഹിം: പഠിപ്പിക്കാൻ യോഗ്യതയില്ലാത്തവർ ആരെങ്കിലും ഉണ്ടെങ്കിൽ പിരിച്ചുവിടാൻ തയ്യാറാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: പരീക്ഷായോഗ്യതയില്ലാത്ത ആയുർവ്വേദപരീക്ഷ സംബന്ധിച്ചു എന്തെങ്കിലും ഒരു സർട്ടിഫിക്കറില്ലാത്ത ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: പഠിപ്പിക്കാൻ യോഗ്യതയില്ലാത്ത ആരെയും അവിടെ നിയമിച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: പഠിപ്പിക്കാൻ യോഗ്യതയുണ്ടെന്നു ആരു തീരുമാനിച്ചു?

ശ്രീ. എ. എ. റഹിം: പഠിപ്പിക്കാൻ യോഗ്യതയുണ്ടെന്നു യൂണിവേഴ്സിറ്റിയിൽ നിന്നും സമ്മതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഇട്ടേഹത്തിന്റെ പേരൊന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: സർ, ഒരു പായിന്റെ ആഫ് ഇൻഫർമേഷൻ. മോഡേൺ മെഡിസിൻസ് സബ്ജക്ട്സ് പഠിപ്പിക്കുന്നതിനു ടീച്ചേഴ്സ് സ്റ്റാഫിൽ ഇപ്പോൾ എത്ര ആളുകൾ ആകെയുണ്ട്?

ശ്രീ. എ. എ. റഹിം: എത്രയെന്നു വിശദമായി പറയാൻ ലിസ്റ്റു കൈവശമില്ല. ഇതു സംബന്ധിച്ചു കഴിഞ്ഞ മേയ് മാസത്തിൽ, പ്രൊവൈസ് ചാൻസലറും, അക്കാഡമിക് പ്രിൻസിപ്പാളും, ഗവണ്മെന്റു സെക്രട്ടറിയും ചേർന്നു ഒരു കാണ്ഫ്രൻസു നടത്തുകയും മാഡേൺ മെഡിസിൻസ് സബ്ജക്ട്സ് പഠിപ്പിക്കുന്നതിനു ഒരു സ്റ്റാഫിന്റെ ലിസ്റ്റു ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ചു ചിലരെ നിയമിച്ചിട്ടുണ്ട്. അത്യാവശ്യമായ സ്റ്റാഫിനെ ഇനിയും നിയമിക്കാനുണ്ട്.

ശ്രീ. എ. താണുപിള്ള: ആ കാണ്ഫ്രൻസു കഴിഞ്ഞിട്ടു മാസം നാലഞ്ചുകഴിഞ്ഞതിട്ടും ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കാൻ സാധിച്ചിട്ടില്ല. ഇങ്ങനെയായാൽ കുട്ടികൾ എങ്ങനെ പഠിക്കും?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: 65 പേർവേണമെന്നും, ഇപ്പോൾ 3 പേരെമാത്രമെ നിയമിച്ചിട്ടുള്ളുവെന്നും അറിയാമോ?

ശ്രീ. എ. എ. റഹിം: അതുമായും ആവശ്യമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സിലബസ്സനുസരിച്ചുള്ള കണക്കു കണ്ടു പഠിയുന്നതാണു്.

ശ്രീ. എ. എ. റഹിം: അതുമായും ആവശ്യമില്ല.

ശ്രീ. പ്രാക്കുളം ഭാസി: പ്രിൻസ്പ്പാളിനെ എന്നത്തേയ്ക്കു നിയമിക്കും?

ശ്രീ. എ. എ. റഹിം: പി. എസ്സ്. സി. യുടെ ഇൻറർവ്യൂ കഴിഞ്ഞാലുടനെ ഉണ്ടാകും.

ശ്രീ. എ. താണുപിള്ള: സർ, ഇതു് അറിയേണ്ട കാര്യമാണു്; ആകെ സ്റ്റാഫ്ൽ എത്രപേർ ആവശ്യമുണ്ടു്?

ശ്രീ. എ. എ. റഹിം: 25 പേരോളം വേണ്ടിവരും.

ശ്രീ. എ. താണുപിള്ള: അതിൽ ഇപ്പോൾ എത്ര പേരുണ്ടു്?

ശ്രീ. എ. എ. റഹിം: 17 പേരുണ്ടു്.

ശ്രീ. എ. താണുപിള്ള: ഏതെല്ലാം സബ്ജക്ട്സിനു് എത്രപേർ വീതമാണുള്ളതു്?

ശ്രീ. എ. എ. റഹിം: വിശദമായ ലിസ്റ്റു എന്റെ കൈവശമില്ല.

ശ്രീ. എ. താണുപിള്ള: കോളേജിന്റെ ഇന്നത്തെ നിലയ്ക്കു പഠിപ്പിക്കാനുള്ള വിഷയങ്ങൾ പലതാണു്. സർജറി, ഫിസിയോളജി, അനാട്ടമി, പത്തോളജി തുടങ്ങി പലതും പഠിപ്പിക്കാനുണ്ടു്. ആവശ്യമുള്ള സ്റ്റാഫില്ലാതെ കാര്യം എങ്ങനെ നടക്കും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം: കഴിയുന്നതും വേഗം ഈ കുറവു പരിഹരിക്കാൻ ശ്രമിക്കുകയാണു്.

ശ്രീ. എ. താണുപിള്ള: സർജറി സബ്ജക്റ്റ്സ് പഠിപ്പിക്കുന്നതിനു് ജനറൽ ആശുപത്രിയിൽ പോകണമെന്നും, അവിടെ ചെന്നാൽ പാഠം എടുക്കുന്നതിൽ ചുമതലയുള്ളവർ ആരുമില്ലെന്നും പ്രിൻസിപ്പാൾ പറയുന്നതു ശരിയാണോ?

ശ്രീ. എ. എ. റഹിം: അതിനുവേണ്ട ഏർപ്പാട് ചെയ്തിട്ടുണ്ടു്.

Dr. A. R. MENON: May I point out that this is a very important subject and we cannot come to a decision at the moment. Therefore, I would request to refuse this grant so that we may discuss it in detail on another day. All this information is of no use at all. Therefore I would request members irrespective of party to refuse this grant.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ അദ്ധ്യാപകന്മാർ തന്നെ സ്വകാര്യമായ സമയത്തു പഠിപ്പിച്ചാൽ മതിയാകുമോ?

ശ്രീ. എ. എ. റഹിം: നിർദ്ദിഷ്ടസമയത്തു അവർ പഠിപ്പിക്കുന്നുണ്ടു്.

Shri T. S. RAMASWAMI: May I know whether modern medicine and allopathy are taught in the Ayurveda college?

ശ്രീ. എ. എ. റഹിം: താരതമ്യമായുള്ള പഠനത്തിനുവേണ്ടി മാത്രമെ, ഈ വിഷയങ്ങളെല്ലാം പഠിപ്പിക്കുന്നുള്ളൂ.

ശ്രീ. പി. കെ. യശോധരൻ: ഇന്നു അംഗീകരിച്ചിരിക്കുന്ന ഷെഡ്യൂൾ അനുസരിച്ചു ആയുർവ്വേദ കോളേജിലെ വിദ്യാർത്ഥികൾക്കു പഠിക്കാനും പഠിപ്പിക്കാനുമുള്ള സൗകര്യമുണ്ടോ?

The question that a supplementary sum not exceeding Rs 2,26,300 be granted under Demand—38 Medical was put.

Shri A. THANU PILLAI: I oppose it.

The motion was put and carried.

SHRI A. THANU PILLAI: I demand a poll. A poll was taken when the House divided as follows:

AYES 56.

1 SHRI P. K. Abdul Khadir
2 „ K. C. Abraham
3 „ V. K. Achutha-Menon
4 „ J. A. Bhatt
5 „ D. Anantharaman
6 „ M. A. Antony
7 SHRI K. K. Balakrishnan
8 „ T. O. Bava
9 „ M. Bhaskaran Nair
10 „ N. G. Chacko
11 „ A. C. Chacko
12 „ M. P. Chandrasekharan Pillai

LIBRARY ARCHIVES Kerala Legislative Assembly

13 Shri K. M. Chandy
14 „ M. V. Cheriyan
15 „ A. Chidambaranatha-Nadar
16 „ O. R. Chummar
17 „ T. T. Daniel
18 „ K. M. George
19 „ K. P. Gopala Menon
20 „ Panampilli Govinda-Menon
21 „ K. P. Hormis
22 „ Idiculla Idiculla
23 „ A. J. John
24 „ V. J. Joseph
25 „ K. Karunakaran
26 „ P. Kesava Menon
27 „ T. T. Kesavan Sastry
28 „ K. Kochukuttan
29 „ K. M. Korah
30 „ P. R. Krishnan
31 Dr. N. K. Kumaran
32 Shri A. Kunjan Nadar
33 Sry. T. C. Leela Devi-Amma
34 Shri Manjanatha Prabhu
35 „ P. M. Markose
36 Shri M. M. Mathai
37 „ C. A. Mathew
38 „ N. Narayana Kurup
39 „ N. A. Noor-Mohammed
40 „ N. Parameswaran-Pillai
41 „ R. Ponnappa Nadar
42 „ A. A. Rahim
43 „ P. Ramaswami Pillai
44 „ P. J. Sebastian
45 „ V. V. Sebastian
46 „ S. Seshadrinatha-Sarma
47 „ A. M. Simon
48 „ T. P. Sitaraman
49 „ P. Thanulingam-Nadar
50 „ A. Thankiah
51 „ K. T. Thomas
52 „ P. S. Vasudevan-Pillai
53 „ K. I. Velayudhan
54 „ T. M. Varghese
55 „ M. William
56 „ A. A. D. Luiz

NOES 51.

1 Shri A. Achuthan
2 „ P. V. Avira-Tharakan
3 „ C. C. Ayyappan
4 „ Baby John
5 „ K. A. Balan
6 Shri K. Balakrishnan
7 „ R. Balakrishna Pillai
8 „ B. B. Pandarathil
9 „ Prakkulam Bhasi
10 „ P. Bhaskaran Nair
11 „ Thoppil Bhaskaran-Pillai

LIBRARY ARCHIVES Kerala Legislative Assembly

12	Shri	N. Chandrasekharan-Nair	31	Shri	T. A. Majeed
13	„	K. Chandrasekhara-Sastri	32	„	P. Narayanan Potti
14	„	P. K. Chathan	33	„	P. S. Nataraja Pillai
15	„	D. Damodaran Potti	34	„	U. Neelakantan
16	„	T. K. Divakaran	35	„	N. Neelakantaru-Pandarathil
17	„	K. C. George	36	„	V. P. Parameswaran Nambudiri
18	„	P. Gopalan	37	„	R. Prakasam
19	Sry.	K. R. Gouri	38	„	N. Raghava Kurup
20	Shri	Joseph Chazhikatt	39	„	P. Ravindran
21	„	Joseph Mundassery	40	„	C. G. Sadasivan
22	„	C. Kochukunju	41	„	R. Sankara-narayanan Thampi
23	„	Thalekkara-K. Krishnan	42	„	K. A. Sivarama-Bharathy
24	„	K. Krishna Pillai	43	„	V. Sridharan
25	„	K. S. Krishnan-Sastry	44	„	R. Sugathan
26	„	P. K. Kunjachan	45	Dr.	P. K. Sukumaran
27	„	P. Kunjan	46	Shri	A. Thanu Pillai
28	„	P. K. Kunju	47	„	T. V. Thomas
29	„	Kuttappan Koickal	48	„	P. Viswambharan
30	„	P. R. Madhavan-Pillai	49	„	C. K Viswanathan
			50	„	Vivekanandan
			51	Shri	P. K. Yasodharan

Neutrals 2.

1	Dr.	A. R. Menon	2	Shri	T. S. Ramaswami

The grant was made.

Demand XIX—39. Public Health.

Minister for Health (SHRI A. A. RAHIM:) Sir, I move that Government be granted a supplementary grant of Rs. 15,300 under Demand XIX-39 Public Health.

Home Minister (SHRI A. J. JOHN) : I second it.

LIBRARY ARCHIVES Kerala Legislative Assembly